**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3605** **27-06-2024 - ൽ മറുപടിയ്ക്ക്**

**കോളേജുകളിലെ പരാതി പരിഹാര സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | 09-06-2023 തീയതിയിലെ സ.ഉ.(കൈ)344/2023/ ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി വിദ്യാർത്ഥി പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റേർണൽ കംപ്ലെയിന്റ് കമ്മിറ്റി, ആന്റി റാഗിംഗ് സെൽ ഭിന്നശേഷിക്കാർക്കായുള്ള പരാതി പരിഹാര സെൽ, എസ്.സി.എസ്.ടി പരാതി പരിഹാര സെൽ, തുടങ്ങിയവയും കോളേജുകളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ന്യൂന പക്ഷ ക്ഷേമ സെൽ, പിന്നാക്ക വിഭാഗ ക്ഷേമ സെൽ, വിമൻ സെൽ, ഹ്യൂമൻറൈറ്റ്സ് സെൽ, ജെന്റർ ജസ്റ്റീസ് സെൽ തുടങ്ങിയവയും വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2023 ലെ യൂണിവേഴ്സിസ്റ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷൻസ് പ്രകാരമുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത് കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ യു.ജി.സി യുടെ വിദ്യാർത്ഥി പരാതി പരിഹാര റെഗുലേഷൻ 2023 പ്രകാരം Students Grievance Redressal Committee (SGRC) രൂപീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്നവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്.<br><br>1. ഒരു പ്രൊഫസർ - ചെയർമാൻ<br>2. സ്ഥാപനത്തിലെ നാല് പ്രൊഫസേഴ്സ്/ മുതിർന്ന ഫാക്കൽറ്റി അംഗങ്ങൾ<br>3. അക്കാദമിക മികവിന്റെ അടിസ്ഥാനത്തിലോ sports/co-curricular പ്രവർത്തനങ്ങളിലുള്ള മികവിന്റെ അടിസ്ഥാനത്തിലോ നോമിനേറ്റ് ചെയ്യപ്പെടുന്ന ഒരു വിദ്യാർത്ഥി<br><br>ഈ കമ്മിറ്റിയിൽ ഒരു മെമ്പറോ ചെയർപേഴ്സണോ സ്ത്രീയായിരിക്കണം. അതുപോലെ തന്നെ ഒരു |

| | | | |
|---|---|---|---|
| | | | മെമ്പറോ ചെയർപേഴ്സണോ SC/ST, OBC വിഭാഗത്തിൽ നിന്നും ഉള്ളവരായിരിക്കണം.<br><br>SGRC - യുടെ തീരുമാനത്തിൽ തൃപ്തരല്ലാത്ത വിദ്യാർത്ഥികൾക്ക് ഓംബുഡ്സ്മാന് 15 ദിവസങ്ങൾക്കുള്ളിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.<br><br>വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ഓരോ യൂണിവേഴ്സിറ്റിയും ഓംബ്ഡ്സ്മാനെ നിയമിക്കുന്നു. ഒരു റിട്ടേർഡ് വൈസ് ചാൻസലറോ, ഡീൻ/HOD ആയി ജോലി ചെയ്ത ഒരു റിട്ടേർഡ് പ്രൊഫസറോ അല്ലെങ്കിൽ ഒരു മുൻ ജഡ്ജിയ്ക്കോ ഓംബ്ഡ്സ്മാൻ ആകാവുന്നതാണ്. |
| (സി) | പരാതി പരിഹാരസെല്ലിന്റെ തീരുമാനങ്ങളിൽ ആക്ഷേപമുള്ള പക്ഷം വിദ്യാർത്ഥികൾക്ക് ആശ്രയിക്കാവുന്ന ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കാലിക്കറ്റ് സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, മലയാളം സർവകലാശാല, കുസാറ്റ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, എ.പി. ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ന്യൂവാൽസ് എന്നീവിടങ്ങളിൽ ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല, കേരള സർവ്വകലാശാല എന്നിവിടങ്ങളിൽ ഓംബുഡ്സ്മാനെ നിയമിക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ